**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6738** **11-07-2024 - ൽ മറുപടിയ്ക്ക്**

**കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പങ്കാളിത്ത പെൻഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; പെൻഷൻ ഫണ്ടിലേക്ക് നാളിതുവരെ തൊഴിലാളികളിൽ നിന്നും എത്ര തുക ഈടാക്കിയിട്ടുണ്ട്; ബോർഡിന്റെ വിഹിതമായി എത്ര തുക പെൻഷൻ ഫണ്ടിലേക്ക് കൈമാറിയിട്ടുണ്ട് വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | തൊഴിലാളി/ തൊഴിലുടമകളും ബോർഡും തുല്യമായ വിഹിതം ചെലവഴിച്ചുകൊണ്ടുള്ള പങ്കാളിത്ത പെൻഷൻ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നടപ്പാക്കിയിട്ടില്ല. 2009-10 സാമ്പത്തിക വർഷം മുതൽ തൊഴിലാളിയും തൊഴിലുടമയും അംശാദായമായി അടയ്ക്കുന്ന തുകയുടെ 4% ( 2% +2%) വീതം പെൻഷൻ ഫണ്ട് എന്ന അക്കൗണ്ടിലേക്ക് വരവ് വയ്ക്കപ്പെടുകയും നാളിതുവരെ 131,52,43,502/- രൂപ സമാഹരിക്കപ്പെട്ടിട്ടുള്ളതുമാണ്. ഇതിൽ തൊഴിലാളി വിഹിതം 65,76,21,751/- രൂപയാണ്. ബോർഡിന്റെ ഇന്ററസ്റ്റ് സസ്പെൻസ് അക്കൗണ്ടിൽ നിന്നും 800 കോടി രൂപ കോർപ്പസ് ഫണ്ടായി വകമാറ്റി ആയത് ട്രഷറിയിൽ സ്ഥിരനിക്ഷേപം നടത്തി ആയതിന്റെ പലിശയിൽനിന്നാണ് നിലവിൽ ബോർഡിൽ പെൻഷൻ വിതരണം നടത്തി വരുന്നത്. തൊഴിലാളികളുടെ പെൻഷൻ ഫണ്ടിലെ തുക പെൻഷൻ വിതരണ ഫണ്ടായ 800 കോടിയോട് കൂട്ടിചേർക്കുന്നതിന് 07.03.2024 ലെ സ.ഉ(സാധാ) നം. 337/2024/ തൊഴിൽ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയത് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം നാളിതുവരെ എത്രപേർക്ക് പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ? | (ബി) | തൊഴിലാളി/ തൊഴിലുടമകളും ബോർഡും തുല്യമായ വിഹിതം ചെലവഴിച്ചുകൊണ്ടുള്ള പങ്കാളിത്ത പെൻഷൻ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നടപ്പാക്കിയിട്ടില്ല. നിലവിലെ പദ്ധതി പ്രകാരം ബോർഡിൽനിന്നും വിതരണം ചെയ്തിട്ടുള്ള ക്ഷേമപെൻഷൻ സംബന്ധിച്ച വിശദാംശം താഴെ പറയുന്നു |

| **ഇനം** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|
| തൊഴിലാളി പെൻഷൻ | 3449 |

| | |
|---|---|
| കുടുംബ പെൻഷൻ | 4218 |
| സാന്ത്വന പെൻഷൻ | 620 |
| **ആകെ** | **39332** |

സെക്ഷൻ ഓഫീസർ